7. നെല്ലിന്റെ സംഭരണവില

11.46 AM]

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, കേരളത്തിൽ നെൽകൃഷി വലിയ പ്രതിസന്ധിയിലാണ്. ഞാൻ പാലക്കാട് ജില്ലയിൽനിന്നാണ് വരുന്നത്. 1970-കളിൽ 8.25 ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്ന സംസ്ഥാനത്ത് ഇപ്പോൾ ബാക്കിയുള്ളത് 1.75 ഹെക്ടറാണ്. നെൽകൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന വയലുകൾ മണ്ണിട്ട് നികത്തുന്നത് തടയുന്നതിനായി പലതരം നിയമനിർമ്മാണങ്ങളും മറ്റ് നടപടികളുമായി മുന്നോട്ടുപോകുകയാണ്. നെൽകൃഷി ചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അത് ലാഭകരമാണെങ്കിൽ പിന്നെ സ്വാഭാവികമായി അത് കൺവെർട്ട് ചെയ്യുന്നതിൽനിന്ന് ആളുകൾ അകന്ന് നിൽക്കും. പക്ഷേ നെൽകൃഷി കേരളത്തിൽ ലാഭകരമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ നമുക്ക് കഴിയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 15 രൂപ വച്ചാണ് നെല്ലിന് സംഭരണവില നിശ്ചയിച്ചിരുന്നത്. അത് ഈ ഗവൺമെന്റ് യഥാക്രമം 16, 17, 18 രൂപയായും കഴിഞ്ഞ നാല് വർഷംകൊണ്ട് ഇപ്പോൾ 19 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, നെല്ല് സംഭരിക്കുന്നതിന്റെ അളവിലും ഇതിനുവേണ്ടി ചെലവഴിച്ച തുകയിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 19 രൂപ ഒരു കിലോ നെല്ലിന് കൊടുക്കുമ്പോൾ 13.60 രൂപ കേന്ദ്രഗവൺമെന്റിന്റെ വിഹിതവും 5.40 രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. ഇതിനിടയ്ക്ക് കർഷകരെ തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമവും നടന്നു. നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരിൽനിന്ന് നെല്ല് സംഭരിക്കുമ്പോൾ കേന്ദ്ര സർക്കാരിൽനിന്ന് കൊടുക്കുന്ന 13.60 രൂപ ആദ്യം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ നെല്ലിന്റെ വില വ്യാപകമായ തോതിൽ വെട്ടിച്ചുരുക്കിയെന്നരീതിയിൽ വ്യാജ പ്രചരണങ്ങളും അതിൽ രാഷ്ട്രീയനേട്ടമുണ്ടാക്കാൻ പലരും ശ്രമിക്കുകയും ചെയ്തു. എന്തായാലും അങ്ങയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യക്തമായ സ്റ്റേറ്റ്മെന്റുകൾ അക്കാര്യത്തിൽ കർഷകർക്കുണ്ടായിരുന്ന ആശങ്കകളകറ്റി. നെല്ലിന്റെ വില കിലോയ്ക്ക് 19 രൂപ തന്നെയാണ്, കേന്ദ്ര സർക്കാരിന്റെ വിഹിതം ആദ്യം കൊടുക്കുമെന്നേയുള്ളൂ. നെൽകൃഷി നടത്തുന്നതിനായി പലിശയ്ക്ക് പണമെടുത്ത്, പണമിറക്കി കൃഷി നടത്തിയ കർഷകന് അവന്റെ പൈസകൊടുക്കുന്ന കാര്യത്തിലുണ്ടാകുന്ന താമസമാണ് അവരുടെ നഷ്ടത്തിന്റെ ഒരു പ്രധാന കാരണം. അതുകൊണ്ട് കൊടുക്കുന്ന തുക സംഭരണം നടത്തി രണ്ടോ മൂന്നോ ദിവസങ്ങൾക്കുള്ളിൽത്തന്നെ കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയും പാലക്കാടുവച്ച് അതിന്റെ സംസ്ഥാനതല ഉദ്ഘാടനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും ചെയ്തതാണ്. ഇവിടെ റബ്ബറിന് വില കുറഞ്ഞപ്പോൾ വളരെ സീരിയസ്സായിട്ടുള്ള ഇൻവോൾവ്മെന്റ് ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടായി. അതിനെ ഞാൻ അഭിനന്ദിക്കുന്നു. അതേ ഇൻവോൾവ്മെന്റ് നെല്ലിന്റെ കാര്യത്തിലും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ഈ സഭ മുമ്പാകെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓരോ വർഷവും ഓരോ രൂപ വച്ച് വർദ്ധിപ്പിച്ച് നെല്ലിന്റെ വില 20 രൂപയെങ്കിലുമാക്കി കേരളത്തിലെ നെൽകർഷകന് ആശ്വാസമേകുന്നതിനുള്ള നടപടി ഗവൺമെന്റ് എടുക്കണം. ഇവിടെ 5.40 പൈസ സംസ്ഥാന സർക്കാർ വിഹിതമായി കൊടുക്കുമ്പോൾ നമുക്ക് ഏകദേശം 300 കോടിയുടെ അധിക ബാധ്യത വരുന്നുണ്ട് എന്നുള്ള കണക്കുകളും ഇവിടെ സൂചിപ്പിച്ചു. അങ്ങനെയാണെങ്കിൽ അതിനോടുകൂടി ഒരു രൂപകൂടി ചേർത്താലും ഏകദേശം 300 മുതൽ 340 കോടി രൂപ വരെ മാത്രമെ അതിനുവേണ്ടി ചെലവഴിക്കേണ്ടതായി വരുന്നുള്ളൂ. പക്ഷേ അതിനേക്കാൾ പതിന്മടങ്ങ് ആശ്വാസമായിരിക്കും കേരളത്തിലെ കർഷകർക്ക് ലഭിക്കുകയെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, കേരളത്തിൽ കൃഷിക്കുവേണ്ടി ചെലവാകുന്ന തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്. ആ ചെലവുകൂടി പരിഗണിച്ച്, മറ്റുള്ള സംസ്ഥാനങ്ങൾ കൃഷി നടത്തുന്നതുപോലെയല്ല, നമുക്ക് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടാണ്; മാത്രമല്ല അവർക്ക് കൊടുക്കുന്ന കൂലി മറ്റുള്ളസംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അതെല്ലാം പരിഗണിച്ച് നെൽകർഷകരിൽനിന്ന് ഒരു കിലോ നെല്ല് സംഭരിക്കുമ്പോൾ 20 രൂപ കർഷകന് കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

11.50 AM]

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ബഹുമാനപ്പെട്ട അംഗം എല്ലാ വിഷയങ്ങളെക്കുറിച്ചും വിശദമായി പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 13 രൂപയായിരുന്നു. അത് 2015 ആയപ്പോൾ 19 രൂപയായി വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് എല്ലാ വർഷവും അതിന്റെ ആനുപാതികമായ വർദ്ധനവ് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അത് ഇന്ന് ഇൻഡ്യയിലെ ഏറ്റവും ഉയർന്ന സംഭരണവിലയുമാണ്. 13.60 രൂപയാണ് കേന്ദ്രഗവൺമെന്റ് നൽകുന്നത്. 5 രൂപ 40 പൈസ സംസ്ഥാന ഗവൺമെന്റ് അതിന്റെ വിഹിതം നൽകിയാണ് 19 രൂപയായി വർദ്ധിപ്പിച്ചത്. കർഷകർ നേരിടുന്ന പ്രതിസന്ധികളും അവരുടെ വിഷയങ്ങളുമെല്ലാം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടാണ് കാലാകാലങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവ് കൊടുത്തു കൊണ്ടിരിക്കുന്നത്. ഗവൺമെന്റ് കർഷകരുടെ പ്രതിസന്ധി കണ്ടില്ലെന്ന് നടിക്കുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ് ഇതിന്റെ വർദ്ധനവ് കാലാകാലങ്ങളായി നൽകിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം യഥാസമയം ഇതിന്റെ തുക കൊടുക്കുക എന്നുള്ളതാണ്. സപ്ലൈകോയ്ക്ക് ഗവൺമെന്റ് തുക ലഭ്യമാക്കുന്നതിലുള്ള കാലതാമസമാണ് പലപ്പോഴും കർഷകർക്ക് തുക കൊടുക്കുവാൻ വൈകുന്നത്. സപ്ലൈകോ സ്വന്തമായ നിലയിൽ തന്നെ ലോൺ അവെയിൽ ചെയ്ത് കൊടുക്കുന്നുണ്ട്. ഏറ്റവുമൊടുവിൽ ഫെബ്രുവരി 15-ാം തീയതി വരെ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് കൊടുത്ത സാഹചര്യമാണുള്ളത്. ഇവിടെ മറ്റൊരു വിഷയം അദ്ദേഹം സൂചിപ്പിച്ചത് സംഭരണവിലയുടെ കാര്യമാണ്. അത് സംബന്ധിച്ച് ഒരു ചോദ്യം നാളെ പ്ലോറിൽ വരുന്നുണ്ട്. 13.60 രൂപ ആദ്യഗഡുവായി ഞങ്ങൾ കൊടുക്കുകയുണ്ടായി. അങ്ങനെ കൊടുത്തപ്പോൾ വളരെയേറെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിലേക്ക് അതിന് പ്രചരണം കൊടുത്തു എന്നതാണ് വസ്തുത. സംഭരണവില ഗവൺമെന്റ് കൂട്ടിയിട്ടില്ല. 19 രൂപ തന്നെയാണ് നെല്ലിന്റെ സംഭരണവിലയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. 13.60 രൂപ ആദ്യഗഡുവായി കൊടുത്തത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ കർഷകർക്ക് ലോൺ എടുത്തുവരുന്ന സാഹചര്യത്തിൽ ലഭ്യമായിരിക്കുന്ന തുക ഉടനെതന്നെ വിതരണം ചെയ്യുക എന്ന സദുദ്ദേശത്തോടെയായിരുന്നു. എന്തായാലും സംഭരണവില 19 രൂപയായിത്തന്നെ നിലനിർത്തിയിരിക്കുകയാണ്. തുക വർദ്ധിപ്പിക്കുന്നതിന് വിവിധ റെപ്രസന്റേഷൻ ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. കേന്ദ്രഗവൺമെന്റ് ഈ അടുത്ത കാലത്തൊന്നും വർദ്ധിപ്പിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് തന്നെയാണ് തുടരെത്തുടരെ തുക—വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. കർഷകരുൾപ്പെടെയുള്ളവരുടെ റെപ്രസന്റേഷൻസ് ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്. സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. കർഷകരുടെ കാര്യങ്ങൾ ഗവൺമെന്റ് ഒരിക്കലും കണ്ടില്ലെന്ന് നടിക്കാൻ ആഗ്രഹിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

8. നെടുമ്പ്രക്കാട്-വിളക്കുമരം പാലം

11.52 AM]

ശ്രീ. പി. തിലോത്തമൻ : സർ, ചേർത്തല, അമ്പലപ്പുഴ മണ്ഡലങ്ങളുടെ കിഴക്കൻ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും ദീർഘകാലമായി ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ വലിയ അഭിലാഷവുമായിരുന്ന നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ നിർമ്മാണ